"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:ഐ1/32548/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ
തിരുവനന്തപുരം
തീയതി : 07/02/2018

## വിജ്ഞാപനം

കേരള സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും (KASE) സംയുക്തമായി **'India Skills Kerala-2018'** സംഘടിപ്പിക്കുന്നതിനായി ഉത്തരവ് നം. (സാധാ) നം.115/2018/തൊഴിൽ, തീയതി 29.01.2018. പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം. 'വേൾഡ് സ്കിൽ മത്സരത്തിന്റെ' അതേ മാനദണ്ഡ പ്രകാരം നടത്തുന്ന **'India Skills Kerala-2018'** മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ആയി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. **'India Skills Kerala-2018'** ലെ വിജയി കൾക്ക് 2018 ജൂലൈയിൽ നടക്കുന്ന **അഖിലേന്ത്യാ സ്കിൽ കോമ്പറ്റീഷനിൽ** പങ്കെടുക്കുന്നതിന് അവസരം ലഭിക്കുന്നതാണ്. **അഖിലേന്ത്യ സ്കിൽ കോമ്പറ്റീഷനിലെ** വിജയികളാണ് 2019 ൽ റഷ്യയിൽ വെച്ച് നടക്കുന്ന **വേൾഡ് സ്കിൽ മത്സരത്തിൽ** ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നത്.

വേൾഡ് സ്കിൽ മത്സരങ്ങൾക്കായി പരിഗണിക്കപ്പെടുന്ന മേഖലകളിൽ നിന്നും താഴെപ്പറയുന്ന 20 മേഖലകളിലെ നൈപുണ്യ മികവാണ് ജില്ലാ, മേഖലാ, സംസ്ഥാന തലങ്ങളിൽ നടത്തപ്പെടുന്ന **'India Skills Kerala-2018'** –ൽ പരിശോധിക്കപ്പെടുന്നത്.

**മത്സരത്തിനായി പരിഗണിക്കുന്ന നൈപുണ്യ മേഖലകൾ**

| | | | |
|---|---|---|---|
| 1. | Carpentry | 2. | Painting and Decorating |
| 3 | Plumbing and Heating | 4 | Refrigeration and Air Conditioning |
| 5 | Wall and Floor Tiling | 6 | Fashion Technology |
| 7 | Electronics | 8 | Mechanical Engineering CAD |
| 9 | Electrical Installation | 10 | Welding |
| 11 | CNC Milling | 12 | CNC Turning |
| 13 | Bakery | 14 | Restaurant and Service |
| 15 | Automobile Technology | 16 | Floristry |
| 17 | Graphic Design Technology | 18 | 3D Digital Game Art |
| 19 | Web Design and Development | 20 | Mobile Robotics |

**മത്സരാർത്ഥികളുടെ പ്രായപരിധി**

01.01.1997-നോ അതിന്ശേഷമോ ജനിച്ച ഏതൊരു ഇന്ത്യൻ പൗരനും **'India Skills Kerala-2018'** ൽ പങ്കെടുക്കാവുന്നതാണ്.

**മത്സര കേന്ദ്രങ്ങളും സമയക്രമവും**

പ്രാഥമികതല മത്സരങ്ങൾ (ജില്ലാതലം) 15.03.2018 മുതൽ 17.03.2018 വരെ അതാത് ജില്ലകളിൽ വച്ചും, മേഖലാതല മത്സരങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളായി തിരിച്ചും 09.04.18 മുതൽ 13.04.2018 വരെയും നടത്തപ്പെടുന്നതാണ്. സംസ്ഥാനതല മത്സരം 28.04.2018 മുതൽ 30.04.2018 വരെ കൊച്ചി മറൈൻ ഡ്രൈവിൽ സംഘടിപ്പിക്കുന്നതാണ്. ജില്ലാ തല മത്സരങ്ങളുടെയും മേഖലാതല മത്സരങ്ങളുടെയും വേദികൾ സംബന്ധിച്ച വിശദവിവരങ്ങൾ മത്സരാർത്ഥികളെ യഥാസ മയം അറിയിക്കുന്നതാണ്.

**രജിസ്ട്രേഷൻ**

ടി മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് താൽപ്പര്യമുള്ളവർക്ക് www.indiaskillskerala.com എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ലിങ്കിൽ 08.02.2018 മുതൽ 07.03.2018 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ നടത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ടി വെബ്സൈറ്റിൽ ലഭ്യമാണ്. രജിസ്ട്രേഷൻ സംബന്ധമായോ, മത്സര സംബന്ധമായോ സംശയങ്ങൾ ഉണ്ടെങ്കിൽ indiaskillskerala2018@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

**മേഖലാ സംസ്ഥാനതല മത്സരങ്ങൾക്കുള്ള തിരഞ്ഞെടുപ്പ് രീതി**

ജില്ലാതല മത്സരങ്ങളിൽ ഓരോ ജില്ലയിൽ നിന്നും ഓരോ നൈപുണ്യ മേഖലയിലും പത്ത് പേരെ വീതം മേഖലാ തല മത്സരങ്ങൾക്ക് തിരഞ്ഞെടുക്കുന്നതും മേഖലാതല മത്സരങ്ങളിൽ നിന്നും രണ്ട് പേരെ വീതം ഓരോ നൈപുണ്യ മേഖലയിലെയും സംസ്ഥാന തല മത്സരങ്ങൾക്കും തിരഞ്ഞെടുക്കുന്നതാണ്. CNC Milling, CNC Turning, Mobile Robotics, Bakery, 3D Digital Game Art എന്നീ നൈപുണ്യ മേഖലകളിൽ മേഖലാതലം മുതൽ മാത്രമേ മത്സരങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.

**വിജയികൾക്കുള്ള സമ്മാനം**

പ്രശസ്തി പത്രത്തിനും ട്രോഫിക്കും പുറമെ സംസ്ഥാനതല മത്സരത്തിലെ ഓരോ നൈപുണ്യ മേഖലയിലെയും വിജയിക്ക് ഒരു ലക്ഷം രൂപ വീതവും, രണ്ടാം സ്ഥാനക്കാർക്ക് 50,000/- രൂപ വീതവും നൽകുന്നതാണ്. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനമായി 10,000/- രൂപ വീതവും നൽകുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ആർ.വി 06.02.18